സൂറഃ-7

# അൽ അഅ്റാഫ്

وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم
مِّنْ إِلَٰهٍ غَيْرُهُۥ ۖ قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ ۖ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمْ
ءَايَةً ۖ فَذَرُوهَا تَأْكُلْ فِىٓ أَرْضِ ٱللَّهِ ۖ وَلَا تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ
عَذَابٌ أَلِيمٌ ﴿٧٣﴾

وَٱذْكُرُوٓا۟ إِذْ جَعَلَكُمْ خُلَفَآءَ مِنۢ بَعْدِ عَادٍ وَبَوَّأَكُمْ
فِى ٱلْأَرْضِ تَتَّخِذُونَ مِن سُهُولِهَا قُصُورًا وَتَنْحِتُونَ ٱلْجِبَالَ بُيُوتًا ۖ
فَٱذْكُرُوٓا۟ ءَالَآءَ ٱللَّهِ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٧٤﴾

قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لِلَّذِينَ ٱسْتُضْعِفُوا۟ لِمَنْ ءَامَنَ مِنْهُمْ
أَتَعْلَمُونَ أَنَّ صَٰلِحًا مُّرْسَلٌ مِّن رَّبِّهِۦ ۚ قَالُوٓا۟ إِنَّا بِمَآ أُرْسِلَ بِهِۦ مُؤْمِنُونَ
﴿٧٥﴾

قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا بِٱلَّذِىٓ ءَامَنتُم بِهِۦ كَٰفِرُونَ ﴿٧٦﴾

**73.** സമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും പ്രവാചകനായി അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം പ്രബോധനം ചെയ്തു: എന്റെ ജനമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. അവനല്ലാതെ വേറൊരു ദൈവവും നിങ്ങൾക്കില്ല. വിധാതാവിങ്കൽനിന്നുള്ള തെളിവ് നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ഒട്ടകമിതാ, നിങ്ങൾക്ക് ദൃഷ്ടാന്തമായിട്ട്. അതിനെ അല്ലാഹുവിന്റെ ഭൂമിയിൽ യഥേഷ്ടം മേയാൻ വിട്ടേക്കണം. നിങ്ങളതിനെ ദോഷകരമായി തൊട്ടുപോകരുത്. അങ്ങനെ ചെയ്താൽ വേദനയേറിയ ശിക്ഷ നിങ്ങളെ ബാധിക്കും.

**74.** ആദ് സമുദായത്തിനു ശേഷം അവൻ നിങ്ങളെ പ്രതിനിധികളാക്കി നിശ്ചയിച്ചതും ഈ നാട്ടിൽ പാർപ്പിടമൊരുക്കിത്തന്നതും ഓർക്കുവിൻ. അതിന്റെ സമതലങ്ങളിൽ നിങ്ങൾ വൻസൗധങ്ങൾ പണിയുകയും പർവതങ്ങൾ തുരന്ന് വീടുകളാക്കുകയും ചെയ്യുന്നുവല്ലോ. അല്ലാഹുവിന്റെ ശക്തിവിശേഷങ്ങളോർക്കുവിൻ. ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുവിൻ.

**75.** അദ്ദേഹത്തിന്റെ ജനത്തിലെ ഗർവിഷ്ഠരായ പ്രമാണിമാർ അവരിലെ ദുർബല വിഭാഗത്തിലെ വിശ്വാസികളോട് ചോദിച്ചു: സ്വാലിഹ് അവന്റെ നാഥനാൽ നിയുക്തനാണെന്ന് സത്യത്തിൽ നിങ്ങൾ അറിയുന്നുവോ? അവർ മറുപടി പറഞ്ഞു: അദ്ദേഹം നിയോഗിക്കപ്പെട്ടിട്ടുള്ള സന്ദേശത്തിൽ ഞങ്ങൾ തീർച്ചയായും വിശ്വസിക്കുന്നു.

**76.** ആ ഗർവിഷ്ഠന്മാർ പറഞ്ഞു: നിങ്ങൾ വിശ്വസിക്കുന്ന പ്രവാചകനെ ഞങ്ങൾ തീർത്തും നിഷേധിക്കുന്നു.

وَإِلَىٰ ثَمُودَ = സമൂദ് സമുദായത്തിലേക്ക് (പ്രവാചകനായി നിയോഗിച്ചിരുന്നു) أَخَاهُمْ = അവരുടെ സഹോദര(ൻ)നെ
صَٰلِحًا = സ്വാലിഹിനെ قَالَ = അദ്ദേഹം പറഞ്ഞു (പ്രബോധനം ചെയ്തു) يَٰقَوْمِ = എന്റെ ജനമേ
ٱعْبُدُوا۟ ٱللَّهَ = അല്ലാഹുവിന് അടിമപ്പെടുവിൻ, ആരാധിക്കുവിൻ مَا لَكُم = നിങ്ങൾക്കില്ല مِّنْ إِلَٰهٍ = യാതൊരു ദൈവവും
غَيْرُهُۥ = അവനല്ലാതെ قَدْ جَآءَتْكُم = നിങ്ങൾക്ക് വന്നുകഴിഞ്ഞിരിക്കുന്നു بَيِّنَةٌ = തെളിവു(കൾ)
مِّن رَّبِّكُمْ = നിങ്ങളുടെ വിധാതാവിങ്കൽനിന്ന് هَٰذِهِۦ = ഇത്(താ) نَاقَةُ ٱللَّهِ = അല്ലാഹുവിന്റെ ഒട്ടകം لَكُمْ = നിങ്ങൾക്ക്
ءَايَةً = ഒരു ദൃഷ്ടാന്തമായിട്ട് فَذَرُوهَا = നിങ്ങൾ അതിനെ വിട്ടേക്കുക تَأْكُلْ = അതു തിന്നും (മേയാൻ)
فِىٓ أَرْضِ ٱللَّهِ = അല്ലാഹുവിന്റെ ഭൂമിയിൽ وَلَا تَمَسُّوهَا = നിങ്ങൾ അതിനെ തൊട(ട്ടുപോക)രുത്
بِسُوٓءٍ = മോശമായി (ദോഷകരമായി) فَيَأْخُذَكُمْ = അപ്പോൾ(അങ്ങനെ ചെയ്താൽ) നിങ്ങളെ ബാധിക്കും عَذَابٌ = ശിക്ഷ
أَلِيمٌ = വേദനയേറിയ وَٱذْكُرُوٓا۟ = നിങ്ങൾ ഓർക്കുവിൻ إِذْ جَعَلَكُمْ = അവൻ നിങ്ങളെ ആക്കിയത് (നിശ്ചയിച്ചതും)

ആദ് (സമുദായത്തി)നു ശേഷം = مِنۢ بَعْدِ عَادٍ പ്രതിനിധികൾ, പിൻഗാമികൾ(ആയി) = خُلَفَآءَ

ഭൂമിയിൽ (ഈ നാട്ടിൽ) = فِى ٱلْأَرْضِ നിങ്ങൾക്ക് (പാർപ്പിടം) ഒരുക്കിത്തന്നതും = وَبَوَّأَكُمْ

അതിലെ സമതലങ്ങളിൽ = مِن سُهُولِهَا നിങ്ങൾ എടുക്കുന്നു, നിർമിക്കുന്നു(ക്കുകയും) = تَتَّخِذُونَ

നിങ്ങൾ തുരക്കുന്നു (തുരന്ന് ഉണ്ടാക്കുകയും ചെയ്യുന്നുവല്ലോ) = وَتَنْحِتُونَ (വൻ) കൊട്ടാരങ്ങൾ, സൗധങ്ങൾ = قُصُورًا

അതിനാൽ നിങ്ങൾ ഓർക്കുവിൻ = فَٱذْكُرُوٓا۟ വീടുക(ൾ)ളായി = بُيُوتًا ۖ മലകളെ = ٱلْجِبَالَ

ഭൂമിയിൽ = فِى ٱلْأَرْضِ നിങ്ങൾ വിഹരിക്കരുത്, വ്യവഹരിക്കരുത് = وَلَا تَعْثَوْا۟ അല്ലാഹുവിന്റെ ശക്തിവിശേഷങ്ങൾ = ءَالَآءَ ٱللَّهِ

അഹന്ത കാട്ടിയവരായ (ഗർവിഷ്ഠർ) = ٱلَّذِينَ ٱسْتَكْبَرُوا۟ പ്രമാണിമാർ പറഞ്ഞു(ചോദിച്ചു) = قَالَ ٱلْمَلَأُ നാശകാരികളായി = مُفْسِدِينَ

ദുർബലരാക്കപ്പെട്ടവരോട്, അടിച്ചമർത്തപ്പെട്ടവരോട് (പാവങ്ങളായ) = لِلَّذِينَ ٱسْتُضْعِفُوا۟ അദ്ദേഹത്തിന്റെ ജനത്തിൽ = مِن قَوْمِهِۦ

നിങ്ങൾ (സത്യത്തിൽ) അറിയുന്നുവോ = أَتَعْلَمُونَ അവരിലെ = مِنْهُمْ വിശ്വാസികളോട് = لِمَنْ ءَامَنَ

അവന്റെ നാഥ(നാൽ)ങ്കൽനിന്ന് = مِّن رَّبِّهِۦ ۚ നിയുക്തനായ, അയക്കപ്പെട്ട ദൂതനാണെന്ന് = مُّرْسَلٌ എന്തെന്നാൽ സ്വാലിഹ് = أَنَّ صَٰلِحًا

തീർച്ചയായും ഞങ്ങൾ = إِنَّا അവർ പറഞ്ഞു = قَالُوٓا۟

അദ്ദേഹം അയക്കപ്പെട്ടതെന്തോ അതുകൊണ്ട് (നിയോഗിക്കപ്പെട്ടിട്ടുള്ള സന്ദേശത്തിൽ) = بِمَآ أُرْسِلَ بِهِۦ

അഹങ്കാരം കാട്ടിയവർ പറഞ്ഞു (ഗർവിഷ്ഠന്മാർ ഘോഷിച്ചു) = قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ വിശ്വസിക്കു(ന്നു)ന്നവരാകുന്നു = مُؤْمِنُونَ

നിങ്ങൾ വിശ്വസിച്ചവനാരോ അവനെ (ദൂതനെ) = بِٱلَّذِىٓ ءَامَنتُم بِهِۦ തീർച്ചയായും ഞങ്ങൾ = إِنَّا

(തീർത്തും) നിഷേധിക്കുന്നവരാകുന്നു = كَٰفِرُونَ

**73–76:** അതിപുരാതനമായ മറ്റൊരു അറേബ്യൻ സമുദായമായ സമൂദിന്റെ ചരിത്രമാണ് ഈ സൂക്തങ്ങളിൽ പരാമർശിക്കുന്നത്. ജാഹിലിയ്യാ കാലത്തെ കവിതകളിൽ ഇവരെക്കുറിച്ച് ധാരാളം പരാമർശങ്ങൾ കാണാം. അസീറിയയിലെ പുരാലിഖിതങ്ങളും ഗ്രീക്ക്-റോമാ പ്രാചീന ചരിത്രങ്ങളും ഇവരെക്കുറിച്ച് പറയുന്നുണ്ട്. അറേബ്യയുടെ വടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന 'അൽഹിജ്ർ' പ്രദേശമായിരുന്നു ഇവരുടെ ആവാസ കേന്ദ്രം. ഇന്ന് മദാഇനു സ്വാലിഹ് (സ്വാലിഹിന്റെ നാട്) എന്ന പേരിലാണിതറിയപ്പെടുന്നത്. പഴയ ഹിജാസ് റെയിൽവേ കടന്നുപോകുന്നത് ഇതുവഴിയാണ്. മദീനക്കും തബൂക്കിനുമിടയിലായി സ്ഥാപിക്കപ്പെട്ട അൽഹിജ്ർ റെയിൽവേ സ്റ്റേഷൻ ഇവിടെയാണ്. പണ്ട് ഹിജാസിലെ കച്ചവട സംഘങ്ങൾ സഞ്ചരിച്ചിരുന്നതും ഇതുവഴിയാണ്.

ഗോത്രപിതാവിന്റെ പേരാണ് സമൂദ്. നൂഹി(അ)ന്റെ പുത്രൻ സാമിന്റെ പുത്രൻ ഇറമിന്റെ പുത്രൻ ആമിറിന്റെ പുത്രൻ സമൂദ് എന്നാണ് വംശാവലി ഉദ്ധരിക്കപ്പെടുന്നത്. ഇറമിന്റെ പുത്രൻ ഔസിന്റെ പുത്രൻ ആദിന്റെ പുത്രൻ സമൂദ് എന്നും പ്രസ്താവമുണ്ട്. സമൂദിന്റെ പൗത്രന്റെ പൗത്രൻ അസീഫിന്റെ പുത്രൻ ഉബൈദിന്റെ പുത്രനാണ് സ്വാലിഹ് (അ) എന്ന് ഇമാം ബഗവി പറയുന്നു. അദ്ദേഹം ഗോത്രത്തിലെ ഒരു ഉയർന്ന കുടുംബത്തിൽ അംഗമായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. സ്വാലിഹിനെ എതിർത്ത സമുദായത്തെ ഖുർആൻ ഉദ്ധരിക്കുന്നു:

قَالُوا۟ يَٰصَٰلِحُ قَدْ كُنتَ فِينَا مَرْجُوًّا قَبْلَ هَٰذَآ ۖ أَتَنْهَىٰنَآ أَن نَّعْبُدَ مَا يَعْبُدُ ءَابَآؤُنَا وَإِنَّنَا لَفِى شَكٍّ مِّمَّا تَدْعُونَآ إِلَيْهِ مُرِيبٍ ﴿٦٢﴾

(അവർ പറഞ്ഞു: ഓ സ്വാലിഹ്, നേരത്തേ ഞങ്ങൾക്ക് നിന്നിൽ വലിയ പ്രതീക്ഷയുണ്ടായിരുന്നല്ലോ. ആ നീ ഇപ്പോൾ പിതൃക്കൾ ആരാധിച്ചുവന്ന ദൈവങ്ങളെ ആരാധിക്കുന്നത് ഞങ്ങളോട് വിലക്കുകയോ?! നീ ഞങ്ങളെ വിളിക്കുന്ന ആദർശത്തെക്കുറിച്ച് സങ്കീർണമായ സംശയത്തിലാണ് ഞങ്ങൾ–11:62).

സമൂദ് സമുദായം സാമ്പത്തികമായും നാഗരികമായും വമ്പിച്ച പുരോഗതി നേടി. രാജ്യം കാർഷിക വിളകൾ കൊണ്ടും കാലിസമ്പത്ത്കൊണ്ടും സമൃദ്ധമായിരുന്നു. അതോടൊപ്പം ആളുകൾക്ക് നല്ല കൈക്കരുത്തും നിർമാണ വൈഭവവും. കൂടുതൽ ശക്തിയുള്ളവർ അശക്തരെ അടിച്ചമർത്തി ചൂഷണം ചെയ്തുകൊണ്ടിരുന്നു. ചുറ്റുമുള്ള ഗോത്രങ്ങളും പ്രദേശങ്ങളും ആക്രമിച്ചു കീഴടക്കി. സമൂഹം വരേണ്യവർഗവും (ٱلَّذِينَ ٱسْتَكْبَرُوا۟) അടിച്ചമർത്തപ്പെട്ടവരും (لِلَّذِينَ ٱسْتُضْعِفُوا۟) ആയി വിഭജിക്കപ്പെട്ടു. എല്ലാറ്റിനും അവർ സ്വയം സൃഷ്ടിച്ച ദൈവങ്ങൾ അനുവാദം നൽകിയിരുന്നു. ഈ പരിതഃസ്ഥിതിയിൽ അവരെ നൂഹിന്റെ (അ) വിശ്വാസങ്ങളിലേക്കും ആചാരങ്ങളിലേക്കും വീണ്ടെടുക്കാനായി അവരിൽനിന്നുതന്നെ, മാതൃകായോഗ്യനായി അംഗീകരിക്കപ്പെട്ടിരുന്ന സ്വാലിഹി(അ)നെ പ്രവാചകനായി നിയോഗിച്ചു. നൂഹ് നബിയും ഹൂദ് നബിയും അവരുടെ സമുദായങ്ങളെ പ്രബോധനം ചെയ്തതുപോലെ സ്വാലിഹും സ്വജനത്തെ സത്യത്തിലേക്കും ധർമത്തിലേക്കും ക്ഷണിച്ചു. പക്ഷേ, ദുർബല വിഭാഗത്തിലെ ഏതാനും പേരേ അദ്ദേഹത്തിൽ വിശ്വസിക്കാൻ തയാറായുള്ളൂ. നേരത്തേ അദ്ദേഹത്തെ ആദരിച്ചിരുന്ന വരേണ്യവിഭാഗം ഇപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്ദേശങ്ങളെയും ധാർഷ്ട്യപൂർവം തള്ളിക്കളഞ്ഞു. പാരമ്പര്യമായി കിട്ടിയ ദൈവങ്ങളെയും അവയുടെ പേരിൽ തുടർന്നുവരുന്ന ആചാരങ്ങളും കൈവെടിയാൻ തങ്ങളൊരിക്കലും തയാറല്ല എന്ന നിലപാടിൽ അവരുറച്ചുനിന്നു. അവർ പറഞ്ഞു: ഏകദൈവത്തെയല്ലാതെ, ബഹുദൈവങ്ങളെ ആരാധിച്ചാൽ അല്ലാഹുവിന്റെ ശാപവും കോപവും ഉണ്ടാകുമെങ്കിൽ ആ ശാപവും കോപവും ഒന്നു കാണട്ടെ, അപ്പോൾ നോക്കാം. അല്ലെങ്കിൽ നമുക്ക് ബോധ്യപ്പെടുന്ന വിധത്തിലുള്ള മറ്റേതെങ്കിലും ദൃഷ്ടാന്തം കാണിക്കട്ടെ.

അല്ലാഹു ആ നാട്ടിലേക്ക് അസാധാരണമായ ഒരൊട്ടകത്തെ അയച്ചു. ആ ഒട്ടകത്തെ ആരും ദ്രോഹിക്കരുതെന്നും നാട്ടിലെ മുഖ്യ കിണർ ഒന്നിടവിട്ട ദിവസങ്ങളിൽ അതിനു

മാത്രം വെള്ളം കുടിക്കാൻ ഒഴിഞ്ഞുകൊടുക്കണമെന്നും കൽപിച്ചു. സമൂദുകാർ അത് വകവെച്ചില്ല. അവരാ ഒട്ടകത്തെ കൊന്നു. ഒരു സ്ഫോടനശബ്ദം, ഒരു ഞെട്ടൽ. എല്ലാം കഴിഞ്ഞു. എന്തിനും പോന്നവരെന്ന ഗർവോടെ പുളച്ചു നടന്ന ആ സമുദായമൊന്നടങ്കം മരിച്ചുവീണു. അവരുണ്ടാക്കിയ മഹാ സൗധങ്ങളും നിലംപതിച്ചു. മല തുരന്ന് നിർമിച്ച വസതികൾ അവരുടെ ദുരന്തചരിത്രം മൂകഭാഷയിൽ ലോകത്തോട് വിളിച്ചുപറഞ്ഞുകൊണ്ട് ഇന്നും നിലനിൽക്കുന്നു.

സ്വാലിഹ് നബിയെയും ശിഷ്യന്മാരെയും ആ ദുരന്തത്തിൽനിന്ന് അല്ലാഹു രക്ഷപ്പെടുത്തി. ദുരന്തത്തെത്തുടർന്ന് സ്വാലിഹിന്റെ നാട് ഹൂദിന്റെ(അ) നാടുപോലെ തീർത്തും മണലാരണ്യമായി മാറിയില്ല. അവിടെ പിൽക്കാലത്തും ജനവാസമുണ്ടായിരുന്നു. അത് ഒരുപക്ഷേ സ്വാലിഹിന്റെയും ശിഷ്യന്മാരുടെയും പിന്മുറക്കാരായിരിക്കാം. അല്ലെങ്കിൽ മറ്റേതെങ്കിലും ഗോത്രം കുടിയേറിയതുമാകാം. ഏതാണ്ട് ബി.സി ആറാം നൂറ്റാണ്ടിനോടടുത്ത് ഈ പ്രദേശം തെക്കു നിന്നെത്തിയ നബാത്തികൾ (Nebatians) കീഴടക്കിയതായി ചരിത്രമുണ്ട്.

അല്ലാഹുവിന് ഇബാദത്ത് ചെയ്യാൻ ആഹ്വാനം ചെയ്ത ഉടനെ അതിനുള്ള തെളിവുകൾ വന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് സ്വാലിഹ് (അ) ഒട്ടകത്തെ ചൂണ്ടിക്കാണിച്ചു എന്നാണ് സൂക്തത്തിൽനിന്ന് പ്രത്യക്ഷത്തിൽ തോന്നുക. പ്രധാന സംഭവങ്ങൾ മാത്രം ഉദ്ധരിച്ചിരിക്കുകയാണിവിടെ. ഈ സന്ദർഭത്തിൽ അപ്രസക്തവും പറയാതെത്തന്നെ മനസ്സിലാക്കാവുന്നതുമായ പലതും വിട്ടുകളഞ്ഞിരിക്കുന്നു. സ്വാലിഹ് (അ) ഏറെക്കാലം പ്രബോധനം തുടർന്നു. സമൂദ് സമുദായം ആദ്യം ന്യായവാദങ്ങൾകൊണ്ട് അദ്ദേഹത്തെ ഖണ്ഡിക്കാൻ ശ്രമിച്ചു. അതിൽ പരാജയപ്പെട്ടപ്പോൾ ദിവ്യാത്ഭുതം കാണിക്കണമെന്നാവശ്യപ്പെട്ടു. തൗഹീദിലേക്കുള്ള ക്ഷണം സമൂദ് ഗോത്രം നിരസിക്കുകയും അതിന്റെ യാഥാർഥ്യത്തിൽ സംശയം പ്രകടിപ്പിക്കുകയും ചെയ്തപ്പോഴാണ് സ്വാലിഹ് (അ) ദൃഷ്ടാന്തത്തെക്കുറിച്ച് പറഞ്ഞതെന്ന് സൂറഃ *ഹൂദിൽ* (11:12,13) വ്യക്തമാക്കിയിട്ടുണ്ട്. സൂറഃ *അശ്ശുഅറാഉൽ* (26:154) അവർ ദൃഷ്ടാന്തം ആവശ്യപ്പെട്ട കാര്യവും പരാമർശിക്കുന്നുണ്ട്.

അല്ലാഹുവിന്റെ ഒട്ടകമിതാ നിങ്ങൾക്ക് ദൃഷ്ടാന്തമായി- بَيِّنَةٌ مِّن رَّبِّكُمْ ۖ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمْ ءَايَةً - എന്ന വാക്യം -വിധാതാവിങ്കൽനിന്നുള്ള ദൃഷ്ടാന്തത്തിന്റെ വിശദീകരണമാണ്. ഒട്ടകത്തെ അല്ലാഹുവിലേക്ക് പ്രത്യേകം ചേർത്തു പറഞ്ഞത്, അത് അല്ലാഹു പ്രകൃത്യാതീതമായ രീതിയിൽ സൃഷ്ടിച്ചയച്ച ദൃഷ്ടാന്തമായതുകൊണ്ടാണ്. മനുഷ്യരാരും അതിന്റെ ഉടമയല്ലാത്തതുകൊണ്ടാണ് എന്നും അഭിപ്രായമുണ്ട്.

ഒട്ടകത്തെ നാട്ടിൽ യഥേഷ്ടം മേഞ്ഞുനടക്കാൻ വിട്ടേക്കണം ( فَذَرُوهَا تَأْكُلْ فِىٓ أَرْضِ ٱللَّهِ ) എന്നാണ് ഇവിടെ പറയുന്നത്. സൂറഃ *അശ്ശംസിൽ* نَاقَةَ ٱللَّهِ وَسُقْيَٰهَا (അല്ലാഹുവിന്റെ ഒട്ടകത്തെയും അതിന്റെ വെള്ളം കുടിയെയും സൂക്ഷിക്കുക) എന്നാണ് പറയുന്നത്. സൂറഃ *അൽഖമറിൽ* وَنَبِّئْهُمْ أَنَّ ٱلْمَآءَ قِسْمَةٌۢ بَيْنَهُمْ ۖ كُلُّ شِرْبٍ مُّحْتَضَرٌ (അവരെ അറിയിക്കുക: വെള്ളം അവർക്കിടയിൽ വീതിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരും അവരുടെ ഊഴപ്രകാരം വെള്ളം കുടിക്കുക -54:28) എന്നും സൂറഃ *അശ്ശുഅറാഇൽ* لَّهَا شِرْبٌ وَلَكُمْ شِرْبُ يَوْمٍ مَّعْلُومٍ (അതിനു നിശ്ചയിച്ച ദിവസം അതിന്റെ കുടി. നിങ്ങൾക്ക് നിശ്ചയിച്ച ദിവസം നിങ്ങളുടെ കുടി) എന്നും പറഞ്ഞിരിക്കുന്നു. ആ പ്രദേശത്തെ എല്ലാ ജലസ്രോതസ്സുകളെയും ഉൾക്കൊള്ളുന്നതായിരുന്നുവോ ഈ കൽപന എന്ന കാര്യം വ്യക്തമല്ല. അവിടെ ആകെ ഒരു കിണറേ ഉണ്ടായിരുന്നുള്ളൂ എന്ന് ഒരഭിപ്രായമുണ്ട്. അത് ഖുർആനുമായി യോജിക്കുന്നില്ല. കാരണം സൂറഃ *അശ്ശുഅറാഇൽ* സ്വാലിഹ് (അ) അവരോടിപ്രകാരം ചോദിക്കുന്നുണ്ട്:

أَتُتْرَكُونَ فِى مَا هَٰهُنَآ ءَامِنِينَ ﴿١٤٦﴾ فِى جَنَّٰتٍ وَعُيُونٍ ﴿١٤٧﴾ وَزُرُوعٍ وَنَخْلٍ طَلْعُهَا هَضِيمٌ ﴿١٤٨﴾

(ഇവിടെയുള്ളതിലൊക്കെ നിങ്ങളെ നിർഭയരായി വിട്ടേക്കുമെന്നോ? ഈ തോട്ടങ്ങളിലും അരുവികളിലും വയലുകളിലും പാകമായ കുലകൾ നിറഞ്ഞ ഈത്തപ്പനകളിലും-26:146-148). ഇമാം അഹ്മദും ബുഖാരിയും നിവേദനം ചെയ്ത ഹദീസും മദാഇനുസ്വാലിഹിൽ വേറെയും കിണറുകളുണ്ടെന്ന് സൂചിപ്പിക്കുന്നു. തബൂക്ക് യുദ്ധവേളയിൽ ഇതുവഴി കടന്നുപോകുമ്പോൾ നബി(സ) സ്വാലിഹിന്റെ ഒട്ടകം വെള്ളം കുടിച്ച കിണർ ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്തതായും അതിൽനിന്ന് വെള്ളം കുടിക്കാനും അവിടത്തെ മറ്റു കിണറുകളിൽനിന്നെടുത്ത വെള്ളം ഒഴിച്ചുകളയാനും നിർദേശിച്ചതായും അതിൽ പറയുന്നുണ്ട്. വെള്ളം വിലക്കപ്പെട്ട ദിവസം ആ ഒട്ടകത്തിന്റെ പാലായിരുന്നു ആളുകൾ കുടിച്ചിരുന്നതെന്ന് ഇബ്നു അബ്ബാസിൽനിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒട്ടകം മേഞ്ഞുനടന്ന പ്രദേശത്തെ മുഖ്യ കിണറിലെ വെള്ളത്തിനായിരുന്നു നിയന്ത്രണമെന്നാണ് പ്രബലമായ ഹദീസിൽനിന്ന് വ്യക്തമാകുന്നത്. തങ്ങൾക്ക് വെള്ളം മുടങ്ങുന്നതിൽ ബുദ്ധിമുട്ടിയിട്ടല്ല, ധിക്കാരം മൂത്തിട്ടാണ് അവർ അല്ലാഹുവിന്റെ ഒട്ടകത്തെ കൊന്നത്. ഒട്ടകം സൃഷ്ടിക്കപ്പെട്ടത് പാറകൊണ്ട് അല്ലെങ്കിൽ കുന്നുകൊണ്ട് ആണ് എന്ന് നിവേദനങ്ങളുണ്ടെങ്കിലും എല്ലാം ദുർബലങ്ങളാണ്. أَرْضِ ٱللَّهِ എന്ന് ഭൂമിയെ അല്ലാഹുവിലേക്ക് ചേർത്തുപറഞ്ഞതിന്റെ താൽപര്യം, മനുഷ്യർ കൃഷിചെയ്തു പരിചരിച്ചു വളർത്തുന്നതല്ലാത്ത, വെളിമ്പുറങ്ങളിൽ അല്ലാഹു മുളപ്പിക്കുന്ന പുൽമേടുകളിൽ എന്നാണ്.

'ആദിനുശേഷം നിങ്ങളെ പ്രതിനിധികളാക്കി' എന്നു പറഞ്ഞത് നൂഹ് ജനതക്ക് ശേഷം നിങ്ങളെ പ്രതിനിധികളാക്കി എന്ന് ആദിനോട് പറഞ്ഞതുപോലെത്തന്നെയാണ്. അവർക്ക് ശേഷം ശക്തിയുടെയും സമൃദ്ധിയുടെയും നാഗരികതയുടെയും വാഹകരായി നിങ്ങളെ ഉയർത്തിക്കൊണ്ടുവന്നു എന്ന്. സമതലങ്ങളിൽ അവർ ആർഭാടപൂർണമായ മഹാ സൗധങ്ങൾ നിർമിച്ചു. അതെല്ലാം അവരോടൊപ്പം നശിച്ചുപോയി. പർവതങ്ങളിൽ വൻ പാറകൾ തുരന്ന് വസതികളുണ്ടാക്കി. അവ പാർപ്പിടമായും പൊതു വേദികളായും കല്ലറകളായും ഉപയോഗിച്ചുവെന്നാണ് പുരാവസ്തു ഗവേഷകരുടെ നിഗമനം. അത്ഭുതകരമായ വാസ്തുവിദ്യയിലൂടെ, ശീതക്കാറ്റും മഴയുമേശാത്ത വിധം പാറ തുരന്നുണ്ടാക്കിയ വീടുകൾ അവരുടെ ശൈത്യകാല വസതികളും സമതല പ്രദേശത്തെ സൗധങ്ങൾ സാധാരണ വസതികളും ആയിരുന്നുവെന്ന് ചില മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ءَالَآءَ ٱللَّهِ -യുടെ അർഥം നേരത്തേ 69-ാം സൂക്തത്തിനു താഴെ വിവരിച്ചിരിക്കുന്നു. وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ എന്ന വാക്യം സൂറഃ *അൽബഖറ* 60-ാം സൂക്തത്തിലും വന്നിട്ടുണ്ട്. ഈ സൂക്തത്തിൽ അതിന്റെ ആശയമിതാണ്: അല്ലാഹുവിന്റെ ശക്തിവിശേഷങ്ങളെയും അവൻ നിങ്ങൾക്ക് ചെയ്ത ഔദാര്യങ്ങളെയും മനസ്സിലാക്കി അവനോട് നന്ദിയും വിധേയത്വവുമുള്ളവരായി വാഴുവിൻ. അവന്റെ ഏകത്വത്തെ നിഷേധിച്ചും അവനു പങ്കാളികളെ ആരോപിച്ചും അവന്റെ വിധിവിലക്കുകൾക്ക് പകരം കൃത്രിമ ദൈവങ്ങളുടെ വിധിവിലക്കുകളാചരിച്ചും അവനോട് നന്ദികേട് കാണിക്കാതിരിക്കുവിൻ. അങ്ങനെ ചെയ്യുന്നത് ഭൂമിയിൽ അല്ലാഹു നടത്തിയ സംസ്കരണത്തെ താറുമാറാക്കുന്ന നശീകരണ പ്രവർത്തനമാകുന്നു. عثي എന്ന മൂലത്തിൽനിന്നുള്ളതാണ് عَثِيَ എന്ന ക്രിയാപദം. അതിന്റെ നിഷേധരൂപം-نهي- ആണ് وَلَا تَعْثَوْا۟. നശിപ്പിച്ചു, അതിരുകവിഞ്ഞു, തെറ്റായി കൈകാര്യം ചെയ്തു എന്നൊക്കെയാണ് عَثِيَ-യുടെ അർഥം. عثي-നു عاث എന്നും ക്രിയാരൂപമുണ്ട്.

ധൂർത്തടിച്ചു, അനാശാസ്യമായി ഉപയോഗിച്ചു എന്ന അർഥത്തിലാണ് عاث അധികവും ഉപയോഗിക്കാറുള്ളത്. നശീകരണ(فساد)വും ദുർവിനിയോഗ(تبذير)വും, عثي-യും عاث-യും പൊതുവായി ഉൾക്കൊള്ളുന്നു. ഇമാം റാഗിബ് പറയുന്നു: "العيث-ഉം العثي-ഉം ഏതാണ്ട് സമാനങ്ങളാണ് (عيث-ൽനിന്നുള്ള ക്രിയയാണ് عاث). എന്നാൽ عيث അധികവും ഉപയോഗിക്കുക ഗോചരമായ നാശത്തെക്കുറിക്കാനാണ്. عثي ആശയപരമായ നാശത്തെയും. ഇതനുസരിച്ചുള്ളതാണ് وَلَا تَعْثَوْا فِى الْأَرْضِ مُفْسِدِينَ എന്ന വാക്യം." ഇതുപ്രകാരം സദാചാരവിരുദ്ധവും അധാർമികവുമായ നടപടികളോടൊപ്പം ബഹുദൈവത്വം, നാസ്തികത്വം, ശൂന്യതാവാദം, മൂല്യനിഷേധം പോലുള്ള ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള നിരോധവും ഈ വാക്യം ഉൾക്കൊള്ളുന്നു. അതും ഭൂമിയുടെ സംസ്കരണം താറുമാറാക്കുന്ന നശീകരണ നടപടികളാണ്. നാശകരമായ നടപടികളിലേർപ്പെടുന്നവരെ തന്നെയാണ് مُفْسِدِينَ (നാശകാരികൾ) എന്നു വിശേഷിപ്പിക്കുന്നത്. ആ നാശത്തിന്റെ ഗൗരവത്തെ കൂടുതൽ ഊന്നിപ്പറയുകയാണ് ഈ വാക്യം.

നൂഹ് നബിയെയും ഹൂദ് നബിയെയും ആദ്യം എതിർത്തത് അവരുടെ സമുദായത്തിലെ വരേണ്യ വർഗമായിരുന്നുവെന്ന് പ്രതിയോഗികളെ الْمَلَأُ (പ്രമാണിമാർ, ഉന്നതന്മാർ) എന്ന പദത്തിൽ വ്യവഹരിച്ചതിൽനിന്ന് വ്യക്തമാണ്. ഇന്നെന്നപോലെ എന്നും സത്യദീനിനെ എതിർക്കാൻ ആദ്യം ഓടിയെത്തിയിരുന്നത് ധനാഢ്യന്മാരും പുരോഹിതന്മാരും അധികാരിവർഗവുമായിരുന്നു. സാധാരണക്കാരെയും പാവങ്ങളെയും അവർ തെറ്റിദ്ധരിപ്പിച്ചു വശത്താക്കുകയാണ് പതിവ്. മുഹമ്മദ് നബി(സ) വരെയുള്ള എല്ലാ പ്രവാചകന്മാരുടെയും, അനന്തരം ഇന്നുവരെ രംഗത്തുവന്നിട്ടുള്ള ഇസ്‌ലാമികപ്രബോധന പ്രസ്ഥാനങ്ങളുടെയും അനുഭവം അതാണ്. സ്വാലിഹി(അ)നെ എതിർത്ത പ്രമാണിമാരെ الَّذِينَ اسْتَكْبَرُوا (ഗർവിഷ്ഠരായവർ) എന്നും അദ്ദേഹത്തിൽ വിശ്വസിച്ചവരെ لِلَّذِينَ اسْتُضْعِفُوا (അടിച്ചമർത്തപ്പെട്ടവർ) എന്നും വിശേഷിപ്പിച്ചിരിക്കുന്നു. സമൂദ് വർഗത്തിന്റെ ഉത്ഥാനകാലത്ത് സമൂഹങ്ങളിൽ വർഗവിഭജനം സംഭവിക്കുകയും ബലവാന്മാർ ദുർബലരെ അടിമകളാക്കുകയും ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അധികാരവും സമ്പത്തും കൈയടക്കിയവരാണ് ഉന്നതന്മാർ. വിജ്ഞാനത്തിന്റെയും മതത്തിന്റെയും ധർമത്തിന്റെയുമെല്ലാം വാഹകരും വക്താക്കളും അവരാണ്. അവർ പറയുന്നതാണ് സത്യവും ധർമവും നിയമവും. അവരെ അനുസരിക്കേണ്ടവരും അവർക്കുവേണ്ടി പണിയെടുക്കേണ്ടവരും മാത്രമാണ് അടിച്ചമർത്തപ്പെട്ട അധഃസ്ഥിത വർഗം. സമ്പത്തിന്റെയും അധികാരത്തിന്റെയും ആരാധ്യതയുടെയും യഥാർഥ ഉടമ അല്ലാഹു ഒരുവൻ മാത്രമാണെന്നും സൃഷ്ടികളെല്ലാം അവനെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യേണ്ട അടിമകളും സമന്മാരുമാണെന്നുമുള്ള, സ്വാലിഹിന്റെ പ്രബോധനം ഈ വ്യവസ്ഥക്ക് കനത്ത വെല്ലുവിളിയായിരുന്നു. അതുകൊണ്ടുതന്നെ ഒന്നും നഷ്ടപ്പെടാനില്ലാത്ത അടിച്ചമർത്തപ്പെട്ടവരാണ് ആ പ്രബോധനത്തെ ആദ്യം സ്വാഗതം ചെയ്തത്.

തങ്ങളുടെ വരേണ്യതക്കും മേധാവിത്വത്തിനുമെതിരെ ഉയർന്ന ഈ ഭീഷണിയെ നേരിടാൻ ഏറ്റം ഫലപ്രദമായ മാർഗം സ്വാലിഹിന്റെ സന്ദേശം ദൈവശാസനകളാണ് എന്നതിനെയും അദ്ദേഹം ദൈവദൂതനാണ് എന്നതിനെയും നിഷേധിക്കുകയാണെന്ന് പ്രമാണിവർഗം മനസ്സിലാക്കി. 'സ്വാലിഹ് ദൈവത്താൽ നിയുക്തനായ ദൂതനാണെന്ന് നിങ്ങൾ അറിയുന്നുവോ' എന്ന അവരുടെ ചോദ്യത്തിന്റെ താൽപര്യമിതാണ്: സ്വാലിഹ് ദൈവം നിയോഗിച്ച ദൂതനാണെന്നതിന് ഞങ്ങളുടെ മുന്നിൽ ഒരു തെളിവുമില്ല. ദൈവത്തിന്, മനുഷ്യരെ തന്റെ ദൂതന്മാരായി നിയോഗിക്കുന്ന ഏർപ്പാടുള്ളതായിത്തന്നെ ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെന്ത് കണ്ടിട്ടാണ് നിങ്ങൾ അയാളുടെ പിമ്പെ പായുന്നത്? അതല്ല, അയാൾ ദൈവദൂതനാണെന്നതിന് ഞങ്ങൾക്കൊന്നും ലഭിച്ചിട്ടില്ലാത്ത വല്ല തെളിവും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന് കാണിച്ചുതരിക. ഇല്ലെങ്കിൽ ഈ മണ്ടൻ കൊണ്ടുവന്ന പുത്തൻ പ്രസ്ഥാനം വെടിഞ്ഞ് മഹനീയമായ സ്വന്തം പാരമ്പര്യങ്ങളിലേക്ക് മടങ്ങുക. അവർ പാവങ്ങളായ വിശ്വാസികളെ പുഛിക്കുകയും പരിഹസിക്കുകയുമായിരുന്നു ഈ ചോദ്യത്തിലൂടെ എന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

'അതേ, അദ്ദേഹം ദൈവദൂതനാണെന്ന് ഞങ്ങൾ അറിയുന്നു' അല്ലെങ്കിൽ 'അദ്ദേഹത്തിന്റെ ദൈവികദൗത്യത്തിന് ഞങ്ങൾക്ക് മതിയായ തെളിവുണ്ട്' എന്നായിരുന്നില്ല വിശ്വാസികളുടെ മറുപടി. പ്രത്യുത 'അദ്ദേഹം പ്രബോധനം ചെയ്യുന്ന ആദർശത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു'- إِنَّا بِمَا أُرْسِلَ بِهِۦ مُؤْمِنُونَ -എന്നായിരുന്നു. ബുദ്ധിപരമായ ഉറപ്പോടെയും മാനസികമായ ഇണക്കത്തോടെയും ഒരു കാര്യം സത്യപ്പെടുത്തുകയാണ് വിശ്വാസം-إيمان. വിചാരങ്ങളിലും വികാരങ്ങളിലും അലിഞ്ഞുചേരുന്ന ആ സത്യം വിശ്വാസിയുടെ കർമജീവിതത്തെ സ്വാധീനിക്കുകയും അതിൽ പ്രതിഫലിക്കുകയും ചെയ്യുന്നു. അദ്ദേഹം പ്രബോധനം ചെയ്യുന്ന ആദർശങ്ങൾ ഞങ്ങളുടെ മസ്തിഷ്കത്തിന് ബോധ്യപ്പെടുകയും മനസ്സ് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു എന്നതുതന്നെയാണ് അദ്ദേഹം സത്യദൂതനാണെന്നതിന്റെ തെളിവ് എന്നാണവർ പറയുന്നത്. സത്യത്തിനല്ലാതെ മനസ്സിനെയും മസ്തിഷ്കത്തെയും ഈ വിധം സ്വാധീനിക്കാനാവില്ല. ഞങ്ങളദ്ദേഹത്തെ ബുദ്ധികൊണ്ട് അറിയുക മാത്രമല്ല, മനസ്സുകൊണ്ടുൾക്കൊള്ളുകയും ചെയ്തിരിക്കുന്നു. തെളിവുകളിലൂടെ സ്ഥിരപ്പെട്ട സംഗതികളോടും ചിലപ്പോൾ ചിലരുടെ മനസ്സ് ഇണങ്ങുകയില്ല. അങ്ങനെ ബുദ്ധിപരമായി ഉറച്ച ബോധ്യമുള്ള സംഗതികളോടും ചില മനുഷ്യർ അഹന്തയാലോ അസൂയയാലോ പ്രേരിതരായി യുദ്ധം ചെയ്തുകൊണ്ടിരിക്കും. അതേക്കുറിച്ച് അല്ലാഹു പറയുന്നു: وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا (ആ ദൃഷ്ടാന്തങ്ങളിൽ സ്വയം ഉറച്ച ബോധ്യമുണ്ടായിരുന്നിട്ടും അതിക്രമത്താലും അഹന്തയാലും അവരതിനെ നിഷേധിച്ചുകളഞ്ഞു-27:14).

വിശ്വാസികളുടെ പ്രസ്താവനയോട് വരേണ്യവർഗം പ്രതികരിക്കുന്നത്, അദ്ദേഹത്തിലൂടെ അയക്കപ്പെട്ട സന്ദേശം ഞങ്ങൾ നിഷേധിക്കുന്നു - بِمَا أُرْسِلَ بِهِۦ كَٰفِرُونَ - എന്നല്ല, പ്രത്യുത നിങ്ങൾ വിശ്വസിക്കുന്ന ദൂതനെ - بِالَّذِىٓ ءَامَنتُم بِهِۦ - ഞങ്ങൾ നിഷേധിക്കുന്നു എന്നാണ്. കാരണം പ്രവാചകൻ പ്രബോധനം ചെയ്ത സന്ദേശം അടിസ്ഥാനപരമായി സത്യമല്ല എന്നു പറയാൻ അവർക്കാകുമായിരുന്നില്ല. അങ്ങനെ ചെയ്താൽ അത് അവർക്കെതിരായിത്തന്നെയുള്ള സാക്ഷ്യമായിത്തീരും. അതുകൊണ്ട് നിഷേധത്തെ അവർ പ്രവാചകനിൽതന്നെ കേന്ദ്രീകരിച്ചു. പ്രവാചകൻ വ്യാജനാണെന്നു വന്നാൽ അദ്ദേഹത്തിന്റെ സന്ദേശങ്ങൾ സ്വയം നിഷേധിക്കപ്പെട്ടുകൊള്ളും. പ്രവാചകന്റെ സത്യം തെളിയാൻ സന്ദേശത്തിന്റെ മഹത്വമൊന്നും പോരാ, വേറെ ദൃഷ്ടാന്തങ്ങൾ കാണണമെന്നായിരുന്നു അവരുടെ നിലപാട്. അതിനു മറുപടിയായിട്ടാണ് നേരത്തേ പറഞ്ഞ ഒട്ടകമിറങ്ങിയത്. *സൂറഃ അശ്ശുഅറാഅ്* 153-155 സൂക്തങ്ങളിൽ അവരെ ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു:

قَالُوٓا۟ إِنَّمَآ أَنتَ مِنَ ٱلْمُسَحَّرِينَ ﴿١٥٣﴾ مَآ أَنتَ إِلَّا بَشَرٌ مِّثْلُنَا فَأْتِ بِـَٔايَةٍ إِن كُنتَ مِنَ ٱلصَّٰدِقِينَ ﴿١٥٤﴾ قَالَ هَٰذِهِۦ نَاقَةٌ

(അവർ ഘോഷിച്ചു: നീ ആഭിചാരം ബാധിച്ചവൻതന്നെ. ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രം. സത്യവാനെങ്കിൽ ഒരു ദൃഷ്ടാന്തം അവതരിപ്പിച്ചുകാണിച്ചുതരിക. അദ്ദേഹം അവരോട് പറഞ്ഞു: ദൃഷ്ടാന്തമായി ഇതാ ഒരൊട്ടകം). ■